(Pages : 4) **L – 3101**

**Reg. No. : ..............................**

**Name : ..................................**

## Second Semester M.A. Degree Examination, May 2021

## SDE

## Malayalam Language and Literature

## MLD 222 : ആധുനികസാഹിത്യം - പദ്യം

## (2017 Admission onwards)

gcwcentrallibrary.in

Time : 3 Hours

Max. Marks : 75

I. ഈരണ്ടു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) മഹാപുരാണം ഭവനം മദീയം - ഇങ്ങനെ പറയാൻ കാരണമെന്ത്?

അല്ലെങ്കിൽ

(b) പിയൂഷ ഡിംബത്തെയും

ഭേദിച്ചമ്പൊടു കയ്പവള്ളി തരസാപെറ്റുള്ളപൈതങ്ങളെ-

ചേലപ്പറമ്പന്റെ മുക്തകം എന്തിനെക്കുറിച്ചാണ്?

2. (a) കാളിദാസകൃതിയെ മയൂരസന്ദേശം അധഃകരിക്കുന്നുവെന്ന് ഉള്ളൂർ പറയാൻ കാരണമെന്ത്?

അല്ലെങ്കിൽ

(b) അവനി വാഴ്‌വ് കിനാവ് കഷ്ടം! ഈ വരികളിൽ പ്രതിഫലിക്കുന്ന ജീവിതദർശനം എന്ത്?

P.T.O.

3. (a) മേഘജ്യോതിസ്സുതൻ ക്ഷണികജീവിതമല്ലീകാമ്യം - ഇങ്ങനെ പറയാൻ കാരണമെന്ത്?

അല്ലെങ്കിൽ

(b) അച്ഛനമ്മമാർ കാലേവെടിഞ്ഞ നിർഭാഗ്യയെ സ്വച്ഛന്ദമുപേക്ഷിച്ചാൻ ഭർത്താവുമെന്നേ വേണ്ടൂ - ആരുടെ വാക്കുകൾ? സന്ദർഭമെന്ത്?

4. (a) നിയോക്ലാസിസം എന്നാലെന്ത്?

അല്ലെങ്കിൽ

(b) പെട്ടിടാത്തതെന്തെന്നിട്ടുമയ്യോ

കഷ്ടമീക്കൊച്ചുനീർപ്പോളമാത്രം - ഇങ്ങനെ പറയുന്നതിന്റെ പശ്ചാത്തലമെന്ത്?

5. (a) വീണ്ടും നിന്നെയോർക്കാൻ കാലമായി വടക്കൻപാട്ടേ - എന്ന് കവി പറയുന്നതിന്റെ കാരണമെന്ത്?

അല്ലെങ്കിൽ

(b) പുഞ്ചിരി ഹാ കുലീനമാം കള്ളാ

നെഞ്ചുകീറി ഞാൻ നേരിനെക്കാട്ടാം - സന്ദർഭമെന്ത്?

6. (a) നിൻ കുടിയൊഴിഞ്ഞീടണം ഈ ഞാൻ

നിൻ കുടിയൊഴിപ്പിക്കുമല്ലെങ്കിൽ - ആരുടെ വാക്കുകൾ? സന്ദർഭമെന്ത്?

അല്ലെങ്കിൽ

(b) മൂടി മാറാലയിൽ ചാടി കയങ്ങളിൽ

വീടിനെത്തേടിയൊരോർമ്മകൾ കൂടിയും

- ഇങ്ങനെ പറയാൻ കാരണമെന്ത്?

gcwcentrallibrary.in

7. (a) കെട്ടുന്ന വേഷത്തിനേതിനുമൊന്നാണു

ലക്ഷ്യം - ഗുരുവരാനുഗ്രഹ പ്രീണനം - ഇവിടെ വിവക്ഷിക്കുന്നതെന്ത്?

അല്ലെങ്കിൽ

(b) വിട്ടുപോയ് മകളെന്നാലും

വിട്ടു പോകാതിരിക്കവേ

മകൾ വേറിട്ട ദുർദ്ദിനം - വിശദമാക്കുക.

**(7 × 3 = 21 Marks)**

II. നന്നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) പച്ച മലയാളപ്രസ്ഥാനം എന്നാലെന്ത്? വിശദമാക്കുക.

അല്ലെങ്കിൽ

(b) പ്രാസവാദത്തിന്റെ പശ്ചാത്തലമെന്ത്? വിശദീകരിക്കുക.

2. (a) വള്ളത്തോളിന്റെ കാവ്യശൈലിയുടെ സവിശേഷതകളെന്തെല്ലാം? അച്ഛനും മകളും എന്ന ഖണ്ഡകാവ്യത്തെ മുൻനിർത്തി പരിശോധിക്കുക.

അല്ലെങ്കിൽ

(b) കാല്പനിക പ്രസ്ഥാനത്തിന്റെ ആദ്യാങ്കുരങ്ങൾ വി.സി. ബാലകൃഷ്ണപ്പണിക്കരുടെ ഒരു വിലാപം എന്ന കൃതിയിൽ ദൃശ്യമാണോ? വിലയിരുത്തുക.

3. (a) മലയാളത്തിലെ ആദ്യകാല വിലാപകാവ്യങ്ങളെ പരിചയപ്പെടുത്തുക.

അല്ലെങ്കിൽ

(b) മലയാളത്തിലെ മഹാകാവ്യപ്രസ്ഥാനത്തെക്കുറിച്ച് ഒരു ലഘു ഉപന്യാസം തയ്യാറാക്കുക.

4. (a) ശുദ്ധകാല്പനികത എന്നാലെന്ത്? ചങ്ങമ്പുഴയുടെ കവിതകളെ മുൻനിർത്തി പരിശോധിക്കുക.

അല്ലെങ്കിൽ

(b) യുഗപരിവർത്തനത്തിന്റെ കവിയാണ് വൈലോപ്പിള്ളി - കുടിയൊഴിക്കൽ എന്ന കവിതയെ മുൻനിർത്തി വിശകലനം ചെയ്യുക.

gcwcentrallibrary.in

5. (a) എൻ. വി. കൃഷ്ണവാര്യരുടെ കൊച്ചുതൊമ്മൻ എന്ന കവിതയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക.

അല്ലെങ്കിൽ

(b) പ്രതികാല്പനികത എന്നാലെന്ത്? വിശദീകരിക്കുക.

**(5 × 6 = 30 Marks)**

III. ഓരോ ചോദ്യത്തിനും **അയ്യഞ്ചു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) കേരളത്തിന്റെ തെക്കും വടക്കുമായി രൂപംകൊണ്ട കേരളവർമ്മ, വെണ്മണി പ്രസ്ഥാനങ്ങൾ മലയാളകവിതയിൽ വരുത്തിയ ഭാവുകത്വ വ്യതിയാനം എന്തായിരുന്നു?

അല്ലെങ്കിൽ

(b) വെണ്മണി, കൊടുങ്ങല്ലൂർ കളരിയിലുണ്ടായ കാവ്യ പരിശ്രമങ്ങളെ വിമർശനാത്മകമായി വിശകലനം ചെയ്യുക.

2. (a) സ്വാതന്ത്ര്യസമരം, നവോത്ഥാന ആശയങ്ങൾ എന്നിവ മലയാള കവിതയിൽ വരുത്തിയ മാറ്റം എന്തായിരുന്നു?

അല്ലെങ്കിൽ

(b) ആധുനിക കവിത്രയത്തിന്റെ കാവ്യദർശനം എന്തായിരുന്നു? അവരിലെ ഭാവുകത്വ വ്യതിയാനത്തെ മുൻനിർത്തി പരിശോധിക്കുക.

3. (a) ഇടശ്ശേരി, വൈലോപ്പിള്ളി, പി. കുഞ്ഞിരാമൻ നായർ എന്നിവരുടെ കാവ്യലോകത്തെപ്പറ്റി ചർച്ച ചെയ്യുക.

അല്ലെങ്കിൽ

(b) മാറ്റൊലിക്കവികൾ എന്ന വിശേഷണത്തിന്റെ അടിസ്ഥാനമെന്ത്? വിമർശനാത്മകമായി വിലയിരുത്തുക.

**(3 × 8 = 24 Marks)**

---

gcwcentrallibrary.in